**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1842** **31-08-2022 - ൽ മറുപടിയ്ക്ക്**

**ഹെൽത്തി കിഡ്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹെൽത്തി കിഡ്സ് പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന പ്രവൃത്തികളെ സംബന്ധിച്ചുള്ള വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | **കേരള സംസ്ഥാനത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ് 25 സ്കൂളുകളിലായി കായികയുവജനകാര്യാലയം നടപ്പിലാക്കിയിരുന്ന പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി 30 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിച്ച് പ്രാഥമികമായി 55 സ്കൂളുകളിൽ ഹെൽത്തി കിഡ്സ് എന്ന പേരിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.. കായിക യുവജന കാര്യാലയത്തിന് കീഴിൽ രൂപീകരിച്ച സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പൊതു മേഖല സ്ഥാപനം മുഖേന ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കുന്നതിന് 2,07,65,480/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനും ഏകോപനത്തിനുമായുള്ള നടപടികൾ സ്റ്റോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ച് വരികയാണ്. പദ്ധതി ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുന്ന 25 സെന്ററുകളുടെ ജില്ലാ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.** |
| (ബി) | ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇ-സ്പോർട്സ് മേഖലയിൽ പരിശീലനം നൽകാൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (ബി) | **ഇല്ല** |
| (സി) | സ്വകാര്യ കായിക അക്കാദമികളുടെ | (സി) | **സർക്കാർ മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ** |

| | | | |
|---|---|---|---|
| | വികസനത്തിനായി സർക്കാർ ധനസഹായം ഉറപ്പാക്കാനും സർക്കാർ മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ കായിക അക്കാദമികൾ രൂപീകരിക്കാനും എത്ര കോടി രൂപയാണ് ചെലവഴിക്കുന്നത് എന്നും സമയബന്ധിതമായി പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി ധനസഹായം നൽകാനും സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വിശദമാക്കുമോ? | | **കായിക അക്കാഡമികൾ രൂപീകരിക്കുന്നതിനുള്ള പദ്ധതിയൊന്നും നിലവിലില്ല. വിവിധ കായിക അക്കാഡമികൾക്കും സ്പോർട്സ് അസോസിയേഷനുകൾക്കും ധനസഹായം അനുവദിക്കുന്നതിന് കായികയുവജന കാര്യാലയത്തിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ തുക വകയിരുത്താറുണ്ട്. ഇപ്രകാരം വകയിരുത്തുന്ന ഫണ്ടിൽ നിന്നും പ്രസ്തുത അസോസിയേഷൻ/ അക്കാഡമികൾ എന്നിവയിൽ നിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥാപനങ്ങളുടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പ്രവർത്തനം കൂടി വിലയിരുത്തി ധനസഹായം അനുവദിക്കാറുണ്ട്.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം | ജില്ല | സെന്റർ |
|---|---|---|
| 1 | തിരുവനന്തപുരം | ജി.എൽ.പി.എസ്.കുളത്തൂർ<br>ജി.എസ്.കെ.വി.എൽ.പി.എസ്, കഠിനംകുളം |
| 2 | കൊല്ലം | ജി.ജി.എസ്.എൽ.പി.എസ്.പേരൂർ<br>ജി.എൽ.പി.എസ്,ആരംപുന്ന |
| 3 | പത്തനംതിട്ട | ജി.എൽ.പി.എസ് അമ്പലത്തുങ്കൽ |
| 4 | ആലപ്പുഴ | ജി.എൽ.പി.എസ്.ചക്കരക്കുളം<br>ജി.എൽ.പി.എസ്.അമ്പലപ്പുഴ<br>ജി.എൽ.പി.എസ്.നങ്ങ്യാർകുളങ്ങര<br>ജി.എൽ.പി.എസ് പെരുന്നേർ മംഗലം |
| 5 | കോട്ടയം | ജി.എച്ച്.എസ്.എസ്.നെടുങ്കുന്നം |
| 6 | ഇടുക്കി | ജി.എൽ.പി.എസ്.മുണ്ടിയെരുമ |
| 7 | എറണാകുളം | ജി.വി.ജെ.വി.എസ്.ഉദയംപേരൂർ |
| 8 | തൃശ്ശൂർ | ജി.എൽ.പി.എസ്.മുക്കാട്ടുകര<br>ജി.എൽ.പി.എസ്.മട്ടത്തൂർ<br>ജി.എൽ.പി.എസ്.കടാങ്കോട് |
| 9 | പാലക്കാട് | ജി.എൽ.പി.എസ്.പുതുക്കോട് |
| 10 | മലപ്പുറം | ജി.എൽ.പി.എസ്.എടപ്പാൾ<br>ജി.എഫ്.എൽ.പി.എസ്.വെളിയംങ്കോട്<br>ജി.എം..യു.പി.എസ്. അരീക്കോട് |
| 11 | കോഴിക്കോട് | ജി.എൽ.പി.എസ്.വടക്കുംപാട് |
| 12 | വയനാട് | ജി.എൽ.പിഎസ്.കല്ലുപടി |
| 13 | കണ്ണൂർ | ജി.എൽ.പി.എസ്.മുഴപ്പിലങ്ങാടി<br>ജി.എം.യു.പി.എസ്.തളാപ്പ്<br>ജി.യുപി.എസ്.കണ്ണവം |
| 14 | കാസർഗോഡ് | ജി.എൽ.പി.എസ്.കീക്കാഗോട്ട് |

Rajee R Pillai
സെക്ഷൻ ഓഫീസർ